തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ പണി

460 [499] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ടു സ്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഗവൺമെൻറ്, എച്ച്.എസ്. വാക്കുമ്പാട്ട്, ജി.എൽ.പി. സ്കൂൾ പുല്ലിയോട് എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പണം അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കെട്ടിടനിർമ്മാണപ്പണി സ്കൂൾ അദ്ധ്യാപക-രക്ഷാകർത്തൃസമിതി ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഉടനെ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് സ്കൂളുകൾ

461 [500] ശ്രീ. ലോനപ്പൻ നമ്പാടൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഗവൺമെൻറ് സ്കൂളുകൾ ഉണ്ട്;

(ബി) അവയുടെ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 628 ഗവൺമെൻറ് സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് സ്കൂളുകൾ

462 [501] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഗവൺമെൻറ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

സംസ്ഥാനത്തെ 510 ഗവൺമെൻറ് സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly